


# പ്ലാച്ചിമടയിൽനിന്നും ജനതയുടെ സമരസാക്ഷ്യങ്ങൾ

**അനീതി** സൃഷ്ടിക്കുന്ന യാതനകൾക്കുള്ള പരിഹാരം തേടുകയാണ് എല്ലാ സമരങ്ങളും. പ്ലാച്ചിമട സമരവും തേടുന്നത് അതു തന്നെയാണ്. പ്ലാച്ചിമട പ്രശ്നം നീതിപൂർവ്വമായി പരിഹരിക്കുന്നതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തി നിരന്തരമായ പോരാട്ടങ്ങളിലൂടെ കണ്ടെത്തേണ്ടിയിരിക്കുന്നു. ഒപ്പം കോള കമ്പനി പ്രാദേശിക ജനതയ്ക്കുമേൽ സൃഷ്ടിച്ച മുറിവുകളുണക്കുന്നതിനുള്ള സാമൂഹിക പ്രവർത്തനങ്ങളും പ്ലാച്ചിമട ആവശ്യപ്പെടുന്നുണ്ട്. പ്രശ്നബാധിതരായ പ്ലാച്ചിമടയിലെ ജനങ്ങൾ പ്ലാച്ചിമട പ്രശ്നം പരിഹരിക്കപ്പെടാത്തതിൽ ഇപ്പോഴും അസ്വസ്ഥരാണ്. രാഷ്ട്രീയ വിദ്യാഭ്യാസത്തിലും സാമൂഹിക ബോധത്തിലുമൊക്കെ പൊതുസമൂഹത്തേക്കാൾ പിന്നോക്കമായിരുന്നെങ്കിലും തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്ലാച്ചിമടക്കാർ നടത്തിവന്ന സമരത്തിൽ അവർ പുലർത്തിയ സത്യസന്ധതയും ആത്മവിശ്വാസവും ഫലവത്താകാതിരുന്നത് എന്തുകൊണ്ടാകാം? സമരത്തിന് ലഭിച്ച വലിയ സാമൂഹിക രാഷ്ട്രീയ പിന്തുണകൾ ലക്ഷ്യപ്രാപ്തിയിലെത്താതിരുന്നതെന്തുകൊണ്ടാകാം? ജനാധിപത്യ ഭരണവ്യവസ്ഥകൾക്ക് കോർപ്പറേറ്റുകൾക്ക് മുന്നിൽ മുട്ടുമടക്കേണ്ടി വരുന്നത് എന്തുകൊണ്ടാകാം? തങ്ങളുടെ അറിവുകൾക്കുള്ളിൽ നിന്നുകൊണ്ട് പ്ലാച്ചിമടക്കാരും ചോദിക്കുന്നത് ഇതുതന്നെയാണ്. തദ്ദേശവാസികളുടെ അനുഭവങ്ങളിലൂടെ ഒരന്വേഷണം ആരംഭിക്കുന്നു.

### കന്നിയമ്മ
**പ്ലാച്ചിമട സമരപന്തൽ**

സമരം തുടങ്ങിയ കാലം തൊട്ട് ഞാൻ ഈ പന്തലിൽ തന്നെയാണ്. ഇവിടെ കഞ്ഞിവച്ച് കുടിച്ച് ഇവിടെ തന്നെ ഉറങ്ങുന്നു. എനിക്ക് കൂട്ടിന് പാപ്പാളുമുണ്ട്. സമരം വിജയിക്കുന്നതുവരെ എവിടെയും പോകാതെ ഞങ്ങൾ ഇവിടെത്തന്നെ ഉണ്ടായിരിക്കും. ഞങ്ങളുടെ വലിയ മുതലാളിയായിരുന്ന തമ്പിറാവുത്തറിന്റെ കൃഷിസ്ഥലത്താണ് കൊക്കകോള കമ്പനി ഇപ്പോൾ നിൽക്കുന്നത്. ഞങ്ങൾ ഈ അടുത്ത പ്രദേശത്തു



ള്ളവർക്കെല്ലാം അവിടെയായിരുന്നു പണി. രാപകലില്ലാതെ അവിടെ ഞങ്ങൾ പലരും പണിയെടുത്തിരുന്നു. പണിയില്ലാത്ത അവസ്ഥ അന്ന് ഈ നാട്ടിൽ ആർക്കുമില്ലായിരുന്നു. ഇടയ്ക്ക് വച്ച് വലിയ കടം വന്നപ്പോൾ അത് തീർക്കുന്നതിനായി തമ്പി റാവുത്തർ കൃഷിഭൂമി വിറ്റ് അവരുടെ നാട്ടിലേക്ക് തിരിച്ച് പോയി. ആ സ്ഥലത്ത് വലിയൊരു കമ്പനി വരുമെന്നും അതുകൊണ്ട് കൃഷിസ്ഥലം പോയതിൽ നിങ്ങൾ വിഷമിക്കേണ്ടെന്നും കമ്പനി വന്നാൽ നിങ്ങൾക്കെല്ലാവർക്കും പണികിട്ടുമെന്നും പറഞ്ഞിട്ടാണ് അദ്ദേഹം പോയത്. എന്നിട്ടെന്തായി കമ്പനി വന്നിട്ട് ഈ നാട്ടിലെ പഠിപ്പുള്ള പിള്ളേർക്കുപോലും ജോലികിട്ടിയില്ല. പുറത്ത് നിന്നുള്ളവരായിരുന്നു കമ്പനിയിലെ ജോലിക്കാരിലധികവും പിന്നെ പാർട്ടിക്കാരും.

ജോലി കിട്ടാത്തതിൽ ഞങ്ങൾ വിഷമിച്ചിരിക്കുമ്പോഴാണ് രണ്ട് വർഷം കഴിഞ്ഞ് അതിലും വലിയ പ്രശ്നങ്ങളുണ്ടാകുന്നത്. അരി വേവുന്നില്ല, വെള്ളം കുടിച്ചാൽ ഛർദ്ദിലുണ്ടാകുന്നു, മേലു ചൊറിഞ്ഞ് തൊലി പൊളിയുന്നു, വെള്ളത്തിന് വല്ലാത്ത നാറ്റമുണ്ടാകുന്നു, വെള്ളത്തിന്റെ അളവ് കുറയുന്നു എന്നൊക്കെ പറഞ്ഞ് എന്തെല്ലാം പ്രശ്നങ്ങളുണ്ടായി. ഇതിന്റെയെല്ലാം കാരണക്കാർ കമ്പനിതന്നെയാണെന്ന് ഉറപ്പായപ്പോഴാണ് ഞങ്ങൾ സമരം ആരംഭിച്ചത്. എന്നിട്ട് കമ്പനി പ്രവർത്തനം നിർത്തിയതല്ലാതെ ഞങ്ങളുടെ പ്രശ്നങ്ങളൊന്നും പരിഹരിക്കപ്പെട്ടില്ല. എന്തൊക്കെ നാശങ്ങളാണ് കമ്പനി ഈ നാട്ടിൽ ഉണ്ടാക്കിയത്. ഇനിയും കമ്പനി പ്രവർത്തിച്ചാൽ ഈ നാട്ടിൽ മനുഷ്യന്മാരൊന്നും ഉണ്ടാകില്ല. ഇതെല്ലാം മനസ്സിലാക്കിയിട്ട് ഒരുപാടാളുകൾ പുറത്ത് നിന്നും ഞങ്ങളുടെ സമരത്തിന് പിന്തുണയുമായി വന്നു. ഇന്നും എല്ലാവരുടെയും പിന്തുണ ഈ സമരത്തിനുണ്ട്. ആണും പെണ്ണുമൊക്കെയായിട്ട് ഈ നാട്ടിൽത്തന്നെ രണ്ടായിരത്തോളം പേർ ഇന്നും സമരത്തിലുണ്ട്. ഇനിയും സമരം ശക്തമായാൽ കമ്പനി പൂട്ടിക്കാനായി എല്ലാവരും ഒരുമിച്ച് നിൽക്കും.

നാട്ടുകാരും പുറത്ത് നിന്നുള്ളവരുമൊക്കെ ഇടയ്ക്കിടെ സമരപന്തലിൽ വരാറുണ്ട്, പുറത്ത് നിന്ന് വരുന്നവരൊക്കെ ഞങ്ങൾക്ക് എന്തെങ്കിലും സഹായങ്ങൾ ചെയ്യാറുണ്ട്. നമ്മുടെ സമരത്തോടൊപ്പം എന്നുമുണ്ടാകുമെന്നും നമ്മൾ വിജയിക്കുമെന്നും ഉറപ്പ് തരുന്നവരുമുണ്ട്. പന്തലിൽ പത്രം വരുന്നുണ്ട്, മാസികകൾ വരാറുണ്ട് കത്തുകൾ വരാറുണ്ട് എല്ലാം എടുത്ത് വച്ച് പന്തൽ വൃത്തിയായി സൂക്ഷിച്ചുകൊണ്ടുപോകുന്നത് ഇന്ന് ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗം തന്നെയായിമാറിയിരിക്കുകയാണ്. വലിയ സമരമുണ്ടായിരുന്ന കാലത്തും ഞങ്ങൾ പന്തലിൽത്തന്നെയായിരുന്നു കഴിഞ്ഞിരുന്നത്.

പന്തലിൽ വന്ന് ഞങ്ങളോടൊപ്പം ഉണ്ടെന്ന് പറഞ്ഞ പല രാഷ്ട്രീയക്കാരും പിന്നീട് പിന്മാറി. ഇന്ന് അവരെയൊന്നും ഈ വഴിയ്ക്ക് കാണുന്നില്ല. പന്തലിൽ വന്നിട്ടുള്ള പല രാഷ്ട്രീയക്കാരെയും ഞാൻ ഓർക്കുന്നുണ്ട്. എല്ലാവരെയൊന്നും എനിക്ക് തിരിച്ചറിയത്തില്ലെങ്കിലും അവരൊക്കെ ഈ നാട്ടിലെ വലിയ രാഷ്ട്രീയക്കാരാണെന്നറിയാമായിരുന്നു. അവരെല്ലാം പിന്തുണ തന്നിട്ടും ഞങ്ങളുടെ ദുരിതങ്ങൾക്ക് എന്താണ് പരിഹാരമുണ്ടാകാത്തത്?

എനിക്കിപ്പോൾ 70 വയസ്സ് കഴിഞ്ഞു. ശരീരത്തിന് വയ്യാതായി തുടങ്ങിയിട്ടുണ്ട്. ലോറിവെള്ളം വരുമ്പോൾ പന്തലിലേയ്ക്ക് അഞ്ചാറ് കുടം വെള്ളം ഞങ്ങൾ എടുത്ത് വയ്ക്കാറുണ്ട്. ഇപ്പോൾ അതിനൊന്നും പഴയപോലെ വയ്യ. എന്ത് സുഖമില്ലായ്മയുണ്ടായാലും വീണ്ടും സമരം ശക്തമായിത്തുടങ്ങിയാൽ ഞാൻ സമരത്തിന്റെ കൂടെ എല്ലാത്തിനുമുണ്ടാകും. നഷ്ടപരിഹാരം തന്ന് കമ്പനിപൂട്ടുന്നവരെ ഞാൻ ഈ സമരപന്തലിൽത്തന്നെയുണ്ടാകും.

## പാർവ്വതി
**പ്ലാച്ചിമട കോളനി**

ലോറിയിൽ വെള്ളം നോക്കിയിരുന്നാലെ ഞങ്ങൾക്കിന്ന് കുടിക്കാൻ വെള്ളം കിട്ടു. ലോറി വരുന്നത് കാത്തിരുന്നാൽ പലപ്പോഴും പണിക്ക് പോകാൻ പറ്റില്ല. പണിക്ക് പോയാൽ വെള്ളം കിട്ടില്ല. പണി ചെയ്ത് കാശ് കിട്ടിയാലും അന്നം മുട്ടുന്ന അവസ്ഥയാണ് ഞങ്ങളുടേത്. വണ്ടിവെള്ളം വന്നിട്ട് വീട്ടിലെ എല്ലാ കാര്യങ്ങളും നടത്തണമെന്ന് പറയുന്നത് എത്ര വലിയ ദുരിതമാണ്. കമ്പിനിയ്ക്കെതിരെ സമരം ചെയ്തതിന്റെ പേരിൽ ഞങ്ങൾക്കെതിരെ ഇപ്പോഴും ഒരുപാട് പോലീസ് കേസുണ്ട്. അവരുവന്ന് വെള്ളം കേടാക്കി ഞങ്ങളുടെ കുടിവെള്ളം മുട്ടിച്ചു. വളമാണെന്ന് പറഞ്ഞ് കൃഷിക്കാർക്ക് വിഷം കൊടുത്ത് അവരുടെ കൃഷിയെല്ലാം നശിപ്പിച്ചു. എന്നിട്ടും കേസുകൾ മുഴുവൻ ഞങ്ങളുടെ പേരിൽ. കമ്പനിക്കാർ ഇപ്പോഴും ഒന്നും അറിഞ്ഞിട്ടില്ല എന്ന മട്ടിൽ മാന്യന്മാരായി നടക്കുന്നു. ഈ കോളനിയിൽ ഞങ്ങൾക്കാർക്കും സ്വന്തമായി കിണറുണ്ടായിരുന്നില്ല. കോളനിക്കടുത്തുള്ള ചെട്ടിയാരുടെ പറമ്പിലെ കിണറ്റിൽ നിന്നായിരുന്നു ഞങ്ങൾ വെള്ളമെടുത്തിരുന്നത്. പക്ഷെ ആ കിണറ്റിലെ വെള്ളവും നാശമായി. നെല്ലിയാമ്പതിമലകളിൽനിന്നും ജോലിതേടി ഇവിടെ വന്ന് സ്ഥലം വാങ്ങി താമസിച്ചവരാണ് ഞങ്ങൾ. ഇനി എങ്ങോട്ടും പോകാനില്ല. വേറെ എവിടെയും പോയി ജീവിക്കാനുള്ള സാഹചര്യം ഞങ്ങൾക്കില്ല. ഈ കോളനിയിലുള്ളവരുടെയെല്ലാം അവസ്ഥയാണിത്. വെള്ളത്തിന് വേണ്ടിയാണ് ഞങ്ങൾ സമരം തുടങ്ങിയത്. വെള്ളം കിട്ടുന്നത് വരെ ഞങ്ങൾ അത് തുടരും. അതുമാത്രമല്ല ഞങ്ങളുടെ ജീവിതം കഷ്ടത്തിലാക്കിയ കമ്പനി ഇവിടെനിന്നും പോകണം. അതിനുവേണ്ടി എന്ത് സഹിച്ചും സമരംചെയ്യാൻ ഞങ്ങൾ തയ്യാറാണ്.

## മുത്തുലക്ഷ്മിയമ്മ
**നെല്ലിമേട്**




ആറ് വർഷം മുമ്പ് ജാനുവമ്മ വന്ന് സമരം തുടങ്ങിയ കാലംതൊട്ട് ഞാൻ സമരത്തിലുണ്ട്. ഇവിടെ ഞങ്ങൾ താമസിക്കുന്ന നെല്ലിമേട്ടിൽ വെള്ളത്തിന് കേടുവന്നിട്ടില്ല. എന്നാലും ഇവിടെയും വെള്ളം കിട്ടാൻ വലിയ ബുദ്ധിമുട്ടാണ്. കമ്പനി പ്രവർത്തനം നിർത്തിയില്ലായിരുന്നെങ്കിൽ ഞങ്ങളുടെയെല്ലാം വെള്ളം കേടുവന്നേനെ. പ്ലാച്ചിമട കോളനിയിലെല്ലാം എന്റെ ഒരുപാട് ബന്ധുക്കളുണ്ട്. അവരും കുട്ടികളുമെല്ലാം കമ്പനിയുടെ അടുത്ത് തന്നെയാണ് താമസിക്കുന്നത്. അവർക്കിപ്പോഴും നല്ല വെള്ളം കിട്ടാൻ വലിയ പാടാണ്. പാവങ്ങളെയെല്ലാം കൊക്കക്കോളക്കാര് ഇങ്ങനെ കഷ്ടത്തിലാക്കുന്നത് കണ്ടാണ് ഞാൻ സമരത്തിന് പോയത്. കമ്പനി വന്നതോടെ വെള്ളത്തിന് കേടുവന്നെന്നു മാത്രമാണ് എനിക്ക് അറിയാവുന്നത്. കുടിച്ചവർക്കൊക്കെ അസുഖങ്ങൾ വന്നു. എന്ത് വിഷമാണ് വെള്ളത്തിൽ വന്നതെന്നൊന്നും എനിക്കറിയില്ല. പരിശോധനകളെല്ലാം നടത്തി എല്ലാം തെളിഞ്ഞതല്ലേ? എന്നിട്ടും കമ്പനിക്കാർ ഒന്നും മിണ്ടുന്നില്ലല്ലോ? സമരം തുടങ്ങിയ കാലംതൊട്ട് ആളുകൾ മുഴുവൻ സമരത്തോടൊപ്പം ഉണ്ടായിരുന്നു. ഇപ്പോഴുമുണ്ട്. സമരം വിളിച്ച് ഞങ്ങൾ എവിടെയെല്ലാം പോയി. നാടുമുഴുവൻ ഞങ്ങളുടെ സമരമെത്തി. ഒരുപാട് പേർ ഞങ്ങൾക്ക് പിന്തുണയുമായെത്തി. ജോലികളഞ്ഞ് സമരത്തിന് വന്ന ഞങ്ങളെ പുറത്ത് നിന്നുള്ളവർ ഒരുപാട് സഹായിച്ചു. എന്നിട്ടും ഞങ്ങളുടെ സമരം ഇങ്ങനെ തീരാതെ കിടക്കുന്നതിൽ വിഷമമുണ്ട്. ആറു വർഷത്തെ സമരത്തിനിടയിൽ ഞങ്ങൾ പെട്ടപാട് ഞങ്ങൾക്ക് മാത്രമെ അറിയൂ. പോലീസുകാരൊക്കെ എത്രതവണ സമരത്തിനെ അടിച്ചമർത്താൻ ശ്രമിച്ചു. നിങ്ങളോടൊപ്പം ഞങ്ങൾ ഉണ്ട് എന്ന് പുറത്തുനിന്നുള്ളവർ എന്നും പറയുമായിരുന്നു. അങ്ങനെ പറഞ്ഞിട്ട് നിങ്ങൾ ഒരിക്കലും മാറാൻ പാടില്ല. നിങ്ങളിനിയും ഞങ്ങളൊടൊപ്പം ഉണ്ടാകണം. ഈ സമരം ജയിക്കേണ്ടത് ഇന്ന് നമ്മുടെയെല്ലാം ആവശ്യമാണ്. സമരത്തിന്റെ പല കാര്യങ്ങളെക്കുറിച്ചും ഞങ്ങൾക്ക് അറിവ് കുറവാണ്. നിങ്ങൾ വേണം അതിലൊക്കെ ഞങ്ങളെ സഹായിക്കാൻ. സമരം തുടങ്ങിയകാലത്ത് രാത്രിയും പകലുമെന്നൊന്നുമില്ലാതെ ഞാൻ സമരപന്തലിൽ പോകുമായിരുന്നു.

സമരത്തിന്റെ കാര്യമറിഞ്ഞ് ദൂരെ നാട്ടിൽ നിന്നും വരുന്നവരൊക്കെ തരുന്ന പൈസ കൊണ്ട് ഞങ്ങൾ സമരപന്തലിൽ വൈകുന്നേരം കഞ്ഞിവച്ച് കുടിച്ച് കഴിയും. സമരപന്തലിൽ അങ്ങനെ വെറുതെ ഇരിക്കുക മാത്രമായിരുന്നില്ല. എല്ലാദിവസവും പ്രകടനവും മുദ്രാവാക്യം വിളിക്കലുമൊക്കെ ഉണ്ടായിരുന്നു. ചിലദിവസങ്ങളിൽ പന്തംകൊളുത്തി പ്രകടനവുമായി അക്കളി ഈക്കളി തീക്കളിയാകുമെന്ന് മുദ്രാവാക്യം വിളിച്ച് കന്നിമാരിയിലും കൊച്ചിക്കാടുമൊക്കെ പോകുമായിരുന്നു. പക്ഷെ സമരം നീണ്ടുപോയതോടെ പട്ടിണിയും ദുരിതവും വെള്ളത്തിന്റെ ബുദ്ധിമുട്ടും അസുഖങ്ങളുമൊക്കെ കാരണം പലരും സജീവമായി പങ്കെടുക്കാതെയായി. സമരം പരിഹരിക്കപ്പെടാതെ നീണ്ടുപോകുന്നത് ഞങ്ങൾക്കെല്ലാവർക്കും വലിയ വിഷമമാണ്. എന്നാലും ഞങ്ങൾക്ക് സമരത്തിനെ വിടാനാകില്ല. സമരത്തിന് വേണ്ടിയല്ല ഞങ്ങൾ സമരം ചെയ്തത്. ഞങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. ഞങ്ങളുടെ ദുരിതങ്ങൾക്ക് നഷ്ടപരിഹാരം തന്ന് അവർ നാടുവിടണം. ഞങ്ങളെ അത്രയ്ക്കും വിഷമത്തിലാക്കിയതല്ലേ? ഞങ്ങൾ സമരം തുടങ്ങിയ കാലത്ത് ജോലി തരാം വെള്ളം തരാമെന്നെല്ലാം പറഞ്ഞ് പ്രലോഭനങ്ങളുമായി കൊക്കക്കോള കമ്പനി പറ്റിക്കാൻ ശ്രമിച്ചതുപോലെയാണ് ഇന്ന് സർക്കാർ ഞങ്ങളെ പറ്റിക്കുന്നത്. കേരളത്തിലെല്ലായിടത്തും സമരയാത്ര പോയപ്പോൾ ഞാനും പോയിരുന്നു. ഈ നാടുമുഴുവൻ നല്ല ആളുകളാണ്. എല്ലായിടത്തും നല്ല സ്വീകരണം കിട്ടി. മലയാളം എനിക്ക് ശരിക്ക് അറിയില്ലായിരുന്നു. സമരത്തിന് പോയാണ് കുറെയൊക്കെ പഠിച്ചത്. എന്നാലും യാത്രയ്ക്കിടയിൽ അറിയാവുന്ന ഭാഷയിൽ ഞാൻ ഞങ്ങളുടെ സങ്കടം എല്ലാവരോടും പറഞ്ഞു.

ഈ സമരത്തിനെ ഞങ്ങൾ വിടാതെ പിടിച്ച് വച്ചു. ഒരുപാട് കഷ്ടപ്പാടുകൾ ഇന്നതിന്റെ പേരിൽ ഞങ്ങളനുഭവിക്കുന്നുണ്ട്. എന്നാലും നമ്മളുടെ ആവശ്യങ്ങൾ പരിഹരിക്കാൻ പഴയ ശക്തിയോടെ സമരം ചെയ്യാൻ ഞങ്ങൾ എല്ലാവരും ഇന്നും തയ്യാറാണ്. ഞങ്ങളുടെ സമരം ജയിപ്പിക്കുന്നതിനായി നിങ്ങളെല്ലാവരും വരണമെന്ന് മാത്രമെ എനിക്ക് പറയാനുള്ളു.

## മണി
**കന്നിമാരി**

മഴകുറവുള്ള ഈ നാട്ടിൽ വന്ന് എന്തിനാണ് ഞങ്ങളുടെ വെള്ളമെല്ലാമെടുത്ത് കൊണ്ടുപോവുകയും നശിപ്പിക്കുകയും ചെയ്തത്. കൂലിപ്പണി ചെയ്ത് അന്നത്തെ വരുമാനം കൊണ്ട് ജീവിക്കുന്നവരാണ് കമ്പനിക്ക് ചുറ്റുപാടുമുള്ള പ്രദേശത്തുള്ളവരെല്ലാം. ഞങ്ങളെല്ലാം പാവങ്ങളായതുകൊണ്ടാണോ ഞങ്ങളുടെ സമരത്തിനെ സർക്കാർ കണ്ടില്ലെന്ന് നടിക്കുന്നത്? ഞങ്ങളെ പിന്നെയും ചൂഷണം ചെയ്യുന്നത്? ഞങ്ങളുടെ നാടാണിത്. ദുരിതങ്ങളുണ്ടെന്ന് പറഞ്ഞ് നാടും വീടുമൊന്നും ഉപേക്ഷിച്ച് പോകാൻ ഞങ്ങൾക്കറിയില്ല. ഞങ്ങളുടെ സമരത്തെ സഹായിച്ച പുറത്തുനിന്നുള്ളവർക്കെല്ലാം അവരുടെ നാട്ടിലേക്കും വീട്ടിലേക്കും മടങ്ങിപ്പോകാം. പക്ഷെ ഞങ്ങൾ എവിടെ പോകാനാണ്? അതുകൊണ്ട് ആരുപോയാലും ആരുടെ പിന്തുണയില്ലെങ്കിലും ഞങ്ങൾ ഈ നാട്ടുകാർ ഞങ്ങളുടെ ജീവിതം വഴിമുട്ടിച്ച കോള കമ്പനി ഈ നാട്ടിൽ നിന്നും പോകുന്നവരെ സമരം ചെയ്യും.





## ലക്ഷ്മി
### വിജയനഗർ കോളനി

നെല്ല്, കരിമ്പ്, കപ്പ, കടല, പരിപ്പ്, വെണ്ടയ്ക്ക ഇതെല്ലാം ഞങ്ങൾ കൃഷി ചെയ്തിരുന്ന സ്ഥലത്താണ് കമ്പനി വന്നത്. കൃഷിയെല്ലാം പോയാലും കമ്പനി വന്നാൽ വേറെ പണി കിട്ടുമെന്ന് ഞങ്ങൾ പാവങ്ങളെല്ലാവരും വിചാരിച്ചു. നിറയെ വെള്ളമുണ്ടായിരുന്ന പൂന്തൽപ്പാടങ്ങളായിരുന്നു കമ്പനി നികത്തിയെടുത്തത്. ഇരുന്ന് നീന്തിയായിരുന്നു ഞങ്ങൾ പലപ്പോഴും അവിടെ ഞാറ് നട്ടിരുന്നത്. നിറയെ വെള്ളമുള്ള എട്ട് കിണറ് കൃഷിയുണ്ടായിരുന്ന കാലത്തേ അവിടെയുണ്ടായിരുന്നു. സ്ഥലം വാങ്ങിയപ്പോൾ അതെല്ലാം കമ്പനിക്കാരുടേതായി. അവർ അതിൽ നിന്നെല്ലാം ഇഷ്ടംപോലെ വെള്ളമൂറ്റിയെടുത്തു. കിണറുകൾ വറ്റിത്തുടങ്ങിയപ്പോൾ അവർ ബോർവെല്ലിട്ട് വെള്ളമെടുക്കാൻ തുടങ്ങി. അതോടെ ഈ നാട്ടിലെങ്ങും വെള്ളമില്ലാതെയായി. അത് പോരാതെയാണ് പിന്നീടവർ ഞങ്ങളുടെ വെള്ളം കേടാക്കിയത്. വെള്ളമുപയോഗിച്ചവർക്കെല്ലാം വയറുവേദനയും ചൊറിച്ചിലുമൊക്കെയുണ്ടായി. ആട്മാടുകൾക്ക് വരെ അസുഖങ്ങൾ വന്നു. അതോടെ ഞങ്ങൾ പഞ്ചായത്ത് പ്രസിഡന്റിനോടും മെമ്പർമാരോടുമൊക്കെ പരാതി പറഞ്ഞു. അവർ നടപടികളൊന്നുമെടുക്കാതെ വന്നപ്പോഴാണ് സമരം തുടങ്ങിയത്. അവരുടെ പാർട്ടിക്കാർക്കൊക്കെ ജോലി കൊടുത്തതുകൊണ്ട് പഞ്ചായത്തുകാരൊന്നും ആദ്യം സമരത്തിലുണ്ടായിരുന്നില്ല. പിന്നെ ഞങ്ങളുടെ സമരത്തിന്റെ ശക്തി കണ്ടിട്ടാണ് എല്ലാവരും എത്തിത്തുടങ്ങിയത്. സമരം തുടങ്ങിയ സമയത്ത് വണ്ടിത്താവളത്ത് നിന്നും പൈപ്പിട്ട് വെള്ളം കൊണ്ടുവന്ന് തരാമെന്നെല്ലാം പറഞ്ഞിട്ടും ഞങ്ങൾ കേൾക്കാൻ തയ്യാറായില്ല. കമ്പനി ഇവിടെനിന്നും വിട്ടുപോകണമെന്ന് തന്നെയായിരുന്നു ഞങ്ങളുടെ ആവശ്യം. ഇന്നും അതുതന്നെയാണ് ആവശ്യം. കമ്പനി പൂട്ടിപ്പോകുന്നതുവരെ ഞങ്ങൾ സമരം ചെയ്യും.

വെള്ളം കിട്ടിയില്ലെങ്കിലും വേണ്ട, കമ്പനി തരുന്ന വെള്ളം വേണ്ടെന്ന് ഞങ്ങൾ ഉറച്ച തീരുമാനമെടുത്തു. അന്നൊക്കെ 5 കിലോമീറ്റർ അപ്പുറത്ത് കൊച്ചിക്കാടെന്ന സ്ഥലത്ത് പോയി കിണറുകുത്തിയാണ് ഞങ്ങൾ വെള്ളമെടുത്തിരുന്നത്. അവിടെയുള്ളവർക്കും വെള്ളത്തിന് ബുദ്ധിമുട്ട് വന്നതോടെ ഞങ്ങൾ അത് നിർത്തി. പിന്നെ വെള്ളത്തിന് വേണ്ടി ഒരുപാട് കഷ്ടപ്പാട് സഹിച്ചാണ് ഞങ്ങൾ ഈ സമരം തുടർന്നുകൊണ്ടുപോയത്.

കരിമ്പിന്റെ പണിയാണ് എനിക്കിപ്പോഴുള്ളത്. ഒരു ദിവസം 75 രൂപ കൂലി കിട്ടും. പണി എല്ലാക്കാലത്തുമില്ല. നടീല് കഴിഞ്ഞാൽ 2 മാസത്തോളം വെറുതെ വീട്ടിലിരിക്കണം. അപ്പോൾ മിക്കവാറും പട്ടിണിയായിരിക്കും. ഈ പട്ടിണിക്കിടയിലാണ് വെള്ളം കിട്ടാത്ത അവസ്ഥ വന്നത്. പാത്രം കഴുകാനുള്ള വെള്ളവും തുണി നനയ്ക്കാനുള്ള വെള്ളവും ഗതികേടുകൊണ്ട് ഞങ്ങളിപ്പോൾ മലിനമായ കിണറിൽ നിന്നുമാണെടുക്കുന്നത്. കമ്പനി പ്രവർത്തനം നിർത്തിയതോടെ വെള്ളത്തിന് നല്ലരീതിയിൽ മാറ്റം വന്നിട്ടുണ്ട്. എന്നാലും കുടിക്കാൻ ഇപ്പോഴും പ്രയാസം അനുഭവപ്പെടുന്നുണ്ട്. കമ്പനി വന്നാൽ ഇങ്ങനെയൊക്കെയാകുമെന്ന് ഞങ്ങൾ വിചാരിച്ചില്ല. ഇതറിയുമായിരുന്നെങ്കിൽ ഞങ്ങൾ സമ്മതിക്കില്ലായിരുന്നു.

പഞ്ചായത്തുകാർക്കൊക്കെ ഇപ്പോൾ ഞങ്ങളോട് വലിയ ദേഷ്യമാണ്. കമ്പനി അടച്ചില്ലേ. ഇനി എന്ത് പറഞ്ഞാണ് നിങ്ങൾ സമരപന്തലിൽ കുത്തിയിരിക്കുന്നതെന്നാണ് അവർ ചോദിക്കുന്നത്. ഞങ്ങൾക്കുണ്ടായ നഷ്ടം എത്ര വലുതാണെന്ന് അവർക്ക് വ്യക്തമായി മനസ്സിലായിട്ടില്ല. കമ്പനി അടച്ച് പൂട്ടിയെന്ന് അവർ ആരോടാണ് കള്ളം പറയുന്നത്. കമ്പനി ഇനിയും ഓടിക്കാനുള്ള നീക്കങ്ങൾ കമ്പനിക്കാർ രാഷ്ട്രീയക്കാരോട് ചേർന്ന് നടത്തുന്നുണ്ടെന്നാണ് ഞങ്ങളറിഞ്ഞത്. കമ്പനി ഇനിയും പ്രവർത്തനം തുടങ്ങിയാൽ ഞങ്ങൾ എങ്ങനെ ഈ നാട്ടിൽ ജീവിക്കും? മുഖ്യമന്ത്രിയെ കാണാൻ ചെന്നപ്പോൾ ഞങ്ങളുടെ സമരം വിജയിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പ് പറഞ്ഞിട്ട് എത്രനാളായെന്ന് എല്ലാവരും ഓർക്കുന്നത് നന്നായിരിക്കും.

## മുത്തുലക്ഷ്മിയമ്മ
### പ്ലാച്ചിമട കോളനി

നേരത്തെ ഞാൻ പാടത്ത് പണിക്ക് പോകുമായിരുന്നു. കമ്പനി വന്ന് ഞങ്ങളുടെ വെള്ളം കേടാക്കിയ ശേഷം ആ വെള്ളമുപയോഗിച്ച് കൈയ്ക്കും കാലിനുമൊരു തരിപ്പ് പോലെ വന്നു. ഇപ്പോൾ പണ്ടത്തെപ്പോലെ പണിക്ക് പോകാൻ പറ്റുന്നില്ല. ചിറ്റൂർ താലൂക്കാശുപത്രിയിൽ ഇടയ്ക്കിടെ പോയി മരുന്ന് വാങ്ങേണ്ടി വരും. അതിന്റെ പണച്ചിലവൊന്നും ഞങ്ങൾ പാവങ്ങൾക്ക് താങ്ങാൻ കഴിയുന്നതല്ല. മരുന്ന് കഴിച്ചിട്ടും വേദനയ്ക്കൊന്നും കുറവ് വന്നിട്ടില്ല. എനിക്ക് പണിക്ക് പോകാൻ പറ്റാതായതോടെ വീട്ടിൽ പട്ടിണികുടി. ലോറിവെള്ളമെടുത്തുകൊണ്ട് വയ്ക്കാൻ തന്നെ വലിയ ബുദ്ധിമുട്ടാണ്. മഴവെള്ള സംഭരണിയൊക്കെ ഞങ്ങൾക്ക് പണിഞ്ഞ് തന്നെങ്കിലും മഴ കുറവായതിനാൽ അതിൽ വെള്ളമുണ്ടാകില്ല. കോളനിയിലെ എല്ലാ വീട്ടുകാർക്കും മഴവെള്ള സംഭരണി ഉപയോഗിക്കാനുള്ള സൗകര്യങ്ങളുമില്ല. സമരത്തെക്കുറിച്ചൊന്നും എനിക്ക് പറയാനറിയില്ല. നിങ്ങൾക്കെല്ലാമറിയാവുന്നതല്ലേ? ഇത്രനാൾ കഴിഞ്ഞിട്ടും ഞങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ചിട്ടില്ലെന്ന് മാത്രമറിയാം.

ഉടൻ പ്രതീക്ഷിക്കുക
കേരളീയം
പുസ്തകശാലയിൽനിന്ന്
ബിജു എസ്. ബാലന്റെ
**ചെന്നൈ വിശേഷവും കുറിപ്പുകളും**

## എല്ലക്കാട് മയിലമ്മ

### എല്ലക്കാട്, മീനാക്ഷിപുരം

ഞങ്ങൾ എല്ലക്കാട് ഭാഗത്ത് 150 ഓളം ആദിവാസികുടുംബങ്ങളാണുള്ളത്. കൊക്കകോളകമ്പനി പ്ലാച്ചിമടിയിൽ വരുന്നത് കേട്ടപ്പോൾ ഏതെങ്കിലും ജോലികിട്ടുമെന്ന് വിചാരിച്ച് ഇവിടെയുള്ള ആദിവാസികൾ മുഴുവൻ സന്തോഷിച്ചിരുന്നു. പക്ഷെ, ഞങ്ങൾക്കാർക്കും ജോലി കിട്ടിയതുമില്ല കമ്പിനി ഓരോ രീതിയിൽനാട്ടാകാരെ ദ്രോഹിക്കാനും തുടങ്ങി. ഞങ്ങളുടെ വെള്ളമെല്ലാം കേടുവന്നു. വെള്ളം ഉപയോഗിച്ചവർക്കെല്ലാം രോഗങ്ങൾവന്നു. അങ്ങിനെ കമ്പിനി പൂട്ടിക്കണമെന്ന് തീരുമാനിച്ച് ആദിവാസികൾസമരം തുടങ്ങി. പിന്നെ സമരം വലിയ സമരമായി. പുറത്തുള്ളവരൊക്കെ സഹായവുമായി വന്നു. ഞങ്ങളുടെ ആണുങ്ങളുടെ പേരിലൊക്കെ ഇപ്പോഴും കേസുണ്ട്. ആറുവർഷമായിട്ടും പരിഹാരം കാണാതെ ഞങ്ങളുടെ സമരം നീണ്ടുപോകുന്നതിൽ വിഷമമുണ്ട്. തിരുവനന്തപുരത്ത് സമരത്തിന് പോയിട്ട് മുഖ്യമന്ത്രിയെ കണ്ടപ്പോൾ എല്ലാം പരിഹരിക്കാമെന്ന് പറഞ്ഞെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും ഒന്നും ചെയ്തിട്ടില്ല. ഞങ്ങളുടെ വെള്ളം നശിപ്പിച്ചതിന് നഷ്ടപരിഹാരം തന്ന് കമ്പിനി അടച്ചുപോകാതെ സമരം ഞങ്ങൾപിൻവലിക്കില്ല. ജീവൻപോയാലും സമരമുണ്ടാകും. ഞാൻ മരിച്ചാലും എന്റെ മക്കൾ സമരത്തിനുണ്ടാകും. അത്രക്ക് ബുദ്ധിമുട്ടിലാണ് ഞങ്ങൾ കഴിയുന്നത്. കമ്പിനി കേടുവരുത്തിയ കിണറുകളിലെ വെള്ളം ഇപ്പോഴും അങ്ങിനെ തന്നെ നിൽക്കുകയാണ്. ആരും അത് കുടിക്കാനെടുക്കുന്നില്ല. ഞങ്ങളുടെ ഈ ഭാഗത്ത് ലോറിവെള്ളം പോലും കിട്ടാത്ത അവസ്ഥയാണുള്ളത്. മുതലാളിയുടെ പാടത്തേക്ക് പോകുന്ന പൈപ്പിൽനിന്ന് ഞങ്ങൾക്ക് ദിവസവും കുറച്ചുവെള്ളം കിട്ടും. അതിന്റെ പേര് പറഞ്ഞ് പലപ്പോഴും ജോലിക്ക് വരുമ്പോൾ അവർ ചൂഷണം ചെയ്യാറുണ്ട്. ഇപ്പോൾ എനിക്ക് 45 വയസായി. 25 വയസുള്ളപ്പോൾ തുടങ്ങിയതാണ് ഇവിടെ വെള്ളത്തിന്റെ പ്രശ്നം. എന്തെങ്കിലും അസുഖം വന്നാലോ കൈയോ കാലോ വേദനിച്ചാലോ വെള്ളമെടുക്കാൻ പോകാൻ പറ്റില്ല. അന്ന് വീട്ടിൽ പട്ടിണിയായിരിക്കും. പാടത്ത് പണിക്ക് പോയാൽ ഒരു ദിവസം 60 രൂപയാണ് കിട്ടുന്നത്. സമരത്തിൽ പോയിരുന്ന സമയത്ത് പണി കളഞ്ഞാണ് പോയതെല്ലാം. അന്ന് പണിപോകുന്നതൊന്നും ആരും നോക്കിയിരുന്നില്ല. കമ്പിനി പൂട്ടാനായിട്ട് എന്തും സഹിച്ച് സമരം ചെയ്യാൻ ഈ നാട്ടിൽ പട്ടിണിയനുഭവിക്കുന്ന എല്ലാ ആദിവാസികളും തയ്യാറായിരുന്നു. സമരം വിജയിപ്പിക്കുന്നതിന് കേരളത്തിലെല്ലാം യാത്രക്ക് ഞാനും പോയിരുന്നു. ഞങ്ങളോട് ഇങ്ങിനെ ചെയ്യാൻ പാടില്ലെന്ന് കേരളത്തിലെമ്പാടുമുള്ളവർക്കന്ന് മനസിലായി. അവരെല്ലാം ഞങ്ങളുടെ സമരത്തോട് സഹകരിക്കുന്നുണ്ട്. ഞങ്ങളുടെ സമരം വിജയിപ്പിക്കുന്നതിൽ പുറത്തുള്ളവരുടെയെല്ലാം സഹായങ്ങൾ ഞങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നുണ്ട്. ആദിവാസികളുടെ മീറ്റിംഗ് കൂടി സമരം വീണ്ടും ശക്തമാക്കാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. എന്തൊക്കെവന്നാലും ഞങ്ങളുടെ കുടിവെള്ളവും കൃഷിയും നശിപ്പിച്ച കമ്പിനി ഇവിടുന്ന് പോകുന്നത് വരെ ഞങ്ങൾ സമരം തുടരും.



## രാമസ്വാമി മൂപ്പൻ

### കുഞ്ചുമേനോൻപതി

ആറുവർഷമായി ഞങ്ങൾ സമരം ചെയ്തിട്ടും കമ്പിനിക്കാരും സർക്കാരും ഞങ്ങളുടെ പ്രശ്നങ്ങൾ തീർക്കുകയോ കമ്പിനി പൂട്ടുകയോ ചെയ്തിട്ടില്ല. സമരം വിളിച്ച് കമ്പിനി നിർത്തിച്ചെങ്കിലും അവർ ഇതുവരെ പോയിട്ടില്ല. ഇപ്പോഴും കമ്പിനിക്കകത്ത് ആളുകളുണ്ട്. ഞങ്ങളുടെ വെള്ളം കേടുവരുത്തിയ കമ്പിനി ഇവിടുന്ന് പോണമെന്നുതന്നെയാണ് ഞങ്ങളുടെ ആവശ്യം. പ്ലാച്ചിമടയിലെ അംഗൻവാടിയിൽ ഞങ്ങൾ സമരക്കാരും പുറത്തുനിന്നുള്ളവരും മീറ്റിംഗ് ചേർന്നിരുന്നു. സമരം ഞങ്ങൾ വീണ്ടും ശക്തമായി തുടങ്ങും. സമരം ഇങ്ങിനെ നീണ്ടുപോകുന്നത് ആർക്കും നല്ലതല്ല. അതുകൊണ്ട് സമരം ശക്തിപ്പെടുത്തി കമ്പനി പൂട്ടിക്കണം. പുറത്ത് പല ജില്ലകളിലുള്ളവരെല്ലാം ഞങ്ങളുടെ സമരത്തിനെ സഹായിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. പണിക്കുപോകുന്നതെല്ലാം ഒഴിവാക്കി ദാരിദ്ര്യം സഹിച്ചുകൊണ്ടാണ് കമ്പിനി പോകാനായി ഞങ്ങൾ സമരം ചെയ്തത്. എന്നിട്ടും നാടുഭരിക്കുന്നവരൊന്നും ഞങ്ങളുടെ പ്രശ്നങ്ങൾ കാണാനോ പരിഹരിക്കാനോ തയ്യാറായില്ല. ഇനി അവര് കണ്ടില്ലെങ്കിലും മരിക്കുന്നത് വരെ കമ്പിനി അടച്ചുപൂട്ടാൻ ഞങ്ങൾ സമരം ചെയ്യും. സ്വന്തം നാട്ടിൽ വീട്ടുമുറ്റത്തുള്ള വെള്ളം കുടിക്കാൻ പറ്റാതെ ലോറിവെള്ളം ഞങ്ങൾ ആശ്രയിക്കാൻ തുടങ്ങിയിട്ട് നാടുകൾ ഒരുപാടായി. എത്രനാൾ ലോറിവെള്ളം വരുന്നത് ഇങ്ങിനെ തുടരാൻ പറ്റുമെന്ന് ഉറപ്പില്ല. നഷ്ടപരിഹാരം തന്ന് ഒത്തുതീർപ്പ് നടത്തിയാലും കമ്പിനി പ്രവർത്തിക്കാൻ ഞങ്ങൾ സമ്മതിക്കില്ല. ഞങ്ങളുടെ ജീവിതത്തി

നുണ്ടായ നഷ്ടം തീരണമെങ്കിൽ ഞങ്ങളുടെ ജീവിതം നശിപ്പിച്ച കമ്പിനി ഇവിടെനിന്ന് പോകണം. കമ്പിനി നിന്നതോടെ നാട്ടിൽ സുഖക്കേടുകളൊക്കെ ഒരുപാട് കുറഞ്ഞിട്ടുണ്ട്. എന്നാലും അവർ ഞങ്ങളോട് ചെയ്തത് ക്ഷമിക്കാൻ പറ്റാത്ത കുറ്റമാണ്. ഈ നാട്ടിൽ മൂലത്തറ, നെല്ലിമേട്, കെച്ചിക്കാട്, പ്ലാച്ചിമട, വിജയനഗർ, കന്നിമാരി, കമ്പാലത്തറ, സർക്കാർപതി, മുള്ളംതോട്, എല്ലക്കാട്, ഏരിമേട് തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ഒരുപാട് ആദിവാസി കുടുംബങ്ങളുണ്ട്. കമ്പിനി വന്നതിന്റെ പേരിൽ കുറേ ദുരിതങ്ങൾ അനുഭവിച്ചവരാണ് ഞങ്ങൾ ആദിവാസികളെല്ലാം. ഇനിയും ശക്തമായ സമരമുണ്ടായാൽ ഈ കോളനികളിൽ നിന്നെല്ലാം ആദിവാസികളെത്തി സമരത്തിൽ അണിനിരക്കും.

**മാരിമുത്തു**
**കൺവീനർ, സമരസമിതി, പ്ലാച്ചിമട**

ഈ മാസം മുതൽ ഞങ്ങൾ ശക്തമായ സമരം വീണ്ടുമാരംഭിക്കുകയാണ്. കമ്പനി അടച്ചുപൂട്ടി നഷ്ടപരിഹാരം തരണമെന്ന് പറഞ്ഞ് തുടങ്ങിയ സമരം കമ്പനി ഇപ്പോൾ പ്രവർത്തനം നടത്തുന്നില്ലെന്ന് പറഞ്ഞ് നിർത്താൻ പറ്റുമോ? അങ്ങിനെ ചെയ്യുന്നതിൽ എന്ത് ന്യായമാണുള്ളത്. പ്ലാച്ചിമടക്കാർക്കും അങ്ങിനെ ഒരഭിപ്രായമില്ല. കമ്പനി ഉണ്ടാക്കിയ ദുരിതങ്ങൾ ഇപ്പോഴും അനുഭവിക്കുന്നവരാണ് ഞങ്ങളെല്ലാം. അതുകൊണ്ട് കമ്പനി പൂട്ടി നഷ്ടപരിഹാരം നല്കി സമരം പൂർണ്ണമായും വിജയിക്കുന്നതുവരെ ഞങ്ങളെല്ലാവരും സമരത്തിലുണ്ടാകും. സമരസമിതി മീറ്റിങ്ങുക്കൂടി കോള പുറത്തുപോകുന്നതുവരെ വിട്ടുവീഴ്ചയില്ലാത്ത സമരം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാവരുടെയും പിന്തുണ സമരസമിതി ആവശ്യപ്പെടുന്നു. ഒരിക്കൽ സഹകരിച്ചിരുന്നവരെല്ലാം വീണ്ടും സമരം വിജയിപ്പിക്കാൻ പ്ലാച്ചിമടയിലെത്തുമെന്ന് വിശ്വസിക്കുന്നു.

*സംഭാഷണങ്ങളിൽനിന്ന്*
*തയ്യാറാക്കിയത് : എസ്. ശരത്*

● **നിലപാട്**

# വെള്ളത്തിന്റെ നിർവ്വചനവും നിർണ്ണയവും

എൻ.എൻ. കൃഷ്ണദാസ്, എം.പി.

**വെള്ളം** അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്നതും പ്രാഥമിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും രണ്ടാണ്. നിങ്ങൾ കുടിക്കാൻ വെള്ളമെടുക്കുന്നത് നിങ്ങളുടെ അവകാശമാണ്. പക്ഷേ ആ അവകാശം ഉപയോഗിച്ച് നിങ്ങൾ വെള്ളം ഒരസംസ്കൃതവസ്തുവാക്കി കൊക്കക്കോളയെപോലെ രൂപമാറ്റം വരുത്തി അതിനെ വിൽപനചരക്കായും കമ്പോളത്തിലെത്തിക്കുന്നതിന് നിങ്ങൾക്ക് അവകാശമില്ല. പ്രാഥമിക ആവശ്യങ്ങൾക്കായി വെള്ളം ഉപയോഗിക്കുന്ന അവകാശവും സംസ്കൃതവസ്തുവായി വെള്ളം ഉപയോഗിക്കുന്ന അവകാശവും രണ്ടും രണ്ടാക്കണം. സംസ്കൃതവസ്തുവായി ഉപയോഗിക്കുമ്പോൾ വെള്ളത്തിന്റെ ഉടമസ്ഥൻ ആരായിരുന്നാലും അവരെടുക്കുന്ന ഭൂഗർഭജലത്തിന്റെ അളവിനനുസരിച്ച് പണം കൊടുക്കാൻ ബാധ്യസ്ഥരാണ്. കറന്റിനും വാട്ടർ അതോറിട്ടി വെള്ളത്തിനുമൊക്കെ താരിഫ് നിശ്ചയിച്ചിട്ടുള്ളതുപോലെ ഇതിനും താരിഫ് നിശ്ചയിക്കണം.

പക്ഷേ ഇതിനൊന്നും ഇന്ത്യാരാജ്യത്തിൽ ഇന്ന് നിയമമില്ല. പാർലമെന്റിൽ ഒരു നിയമമുണ്ടാക്കാൻ സാധ്യമല്ല. വെള്ളം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്ന വിഷയമാണ്. ജലസംരക്ഷണവും ജലസേചനവുമൊക്കെ സംസ്ഥാന സർക്കാരാണ് നടത്തേണ്ടത്. വെള്ളം കേന്ദ്രസർക്കാരിന്റെ പരിധിയിൽ വരാത്തിടത്തോളം കാലം അതിന് കേന്ദ്രനിയമം ഉണ്ടാക്കാൻ കഴിയില്ല. മലിനീകരണവും സംസ്ഥാന വിഷയമാണ്. മലിനീകരണത്തിന്റെ പേരിൽ കോളക്കെതിരെ നടപടിയെടുക്കാനും നിലവിലുള്ള നിയമസംവിധാനങ്ങൾകൊണ്ട് സാധ്യമല്ല.

ഭൂഗർഭജലം എടുത്ത് പലരൂപത്തിലും കുപ്പിയിലാക്കി കാശുവാങ്ങുന്നവർക്ക് ഒറ്റപൈസപോലും ഗവൺമെന്റിന് അസംസ്കൃതവസ്തു ഉപയോഗിക്കുന്നതിന്റെ പേരിൽ തരേണ്ടിവരുന്നില്ല. പക്ഷേ മറ്റു വ്യവസായങ്ങളുടെ കാര്യത്തിൽ സ്ഥിതി വ്യത്യസ്തമാണ്. പ്രകൃതിവിഭവങ്ങൾ അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്നതിന് അവർ ഗവൺമെന്റിന് പണം കൊടുക്കേണ്ടതായിട്ടുണ്ട്.

അവ്യക്തമായ നിയമങ്ങൾ നിലനിൽക്കുന്നതുകൊണ്ടാണ് ഭൂഗർഭജല വകുപ്പിലെയും മലിനീകരണ നിയന്ത്രണബോർഡിലെയും ഉദ്യോഗസ്ഥന്മാർക്ക് കോളക്കെതിരെ നടപടിയെടുക്കാൻ കഴിയാത്തത്. വളരെ കൃത്യമായ നിയമമുണ്ടെങ്കിൽ കോളക്ക് രക്ഷപ്പെടാൻ കഴിയുമായിരുന്നില്ല. അടിസ്ഥാനാവശ്യങ്ങൾക്ക് വെള്ളം എടുക്കുന്നത് നിയന്ത്രിക്കേണ്ട രീതിയിലല്ല നിയമം ഉണ്ടാക്കേണ്ടത്. കോള പോലെയുള്ള ബോട്ടിലിംഗ് വ്യവസായങ്ങൾ വെള്ളമെടുക്കുന്നത് നിയന്ത്രിക്കുന്ന രീതിയിലായിരിക്കണം. അടിസ്ഥാനാവശ്യങ്ങൾക്കെടുക്കുന്ന വെള്ളം അവിടെത്തന്നെ തിരികെയെത്തുന്നു. ഏഴു ടി.എം.സി. വെള്ളം ചിറ്റൂർ പുഴയിൽനിന്നും കൃഷി ആവശ്യങ്ങൾക്കായി എടുത്താൽ ആ വെള്ളം ചിറ്റൂർ പുഴയിൽതന്നെ തിരികെയെത്തുമെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. വ്യവസായത്തിനുള്ള അസംസ്കൃതവസ്തുവായി വെള്ളം ഉപയോഗിക്കുമ്പോൾ ആ പ്രദേശത്ത് തിരികെയെത്തുന്നില്ല. ഒരു സ്ഥലത്തെ വെള്ളം മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുകയാണ് ചെയ്യുന്നത്. ഇതിനൊന്നും കൃത്യമായ നിർവചനങ്ങളും നിർണയങ്ങളും നിയമത്തിലില്ല. പ്ലാച്ചിമടയിലെ പ്രധാന പ്രശ്നം അതാണ്. അതുകൊണ്ട് കേവലം കോള നിരോധനത്തിൽ നിൽക്കാതെ വെള്ളത്തിന്റെ അവകാശം ആർക്ക് എന്ന അടിസ്ഥാനപരമായ ചോദ്യം പ്ലാച്ചിമടസമരം ഉയർത്തിക്കൊണ്ടുവരണം.

*വിളയോടി വേണുഗോപാലിനോടും*
*എൻ.പി. ജോൺസനോടും*
*സംസാരിച്ചതിൽനിന്ന്*